**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2261</u>** **<u>30-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>എയിംസ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനായി കേന്ദ്രസർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഇതിനായി ഭൂമി കണ്ടെത്തുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ച കേന്ദ്രസർക്കാർ നിർദേശം എന്താണെന്നും ഏതൊക്കെ സ്ഥലങ്ങളാണ് സംസ്ഥാന സർക്കാർ എയിംസ് സ്ഥാപിക്കുന്നതിന് ഉചിതമായിരിക്കുമെന്ന് നിർദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. എയിംസ് സ്ഥാപിക്കുന്നതിന് ഏകദേശം 200 ഏക്കർ സ്ഥലം ഒരു ലൊക്കേഷനിൽത്തന്നെ ആവശ്യമാണെന്നും, റോഡ് കണക്ടിവിറ്റി, ജലലഭ്യത, വൈദ്യുതി സൗകര്യം എന്നിവ ഉണ്ടായിരിക്കണമെന്നും ഇവ സൗജന്യമായി ലഭ്യമാക്കണമെന്നും മറ്റ് സൗകര്യങ്ങൾ ഒരുക്കി നൽകണമെന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.<br><br>4 സ്ഥലങ്ങൾ സംസ്ഥാന സർക്കാർ നേരത്തേ നിർദ്ദേശിച്ചെങ്കിലും ഒരു സ്ഥലം തെരഞ്ഞെടുത്തു നൽകാൻ കേന്ദ്രം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള ഭൂമി ഉചിതമായിരിക്കുമെന്നും ഇവിടെ സ്ഥാപിക്കാവുന്നതാണെന്നും കേന്ദ്രത്തെ അറിയിക്കുകയുണ്ടായി.<br><br>സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 17.11.2021-ലെ സ.ഉ(ആർ.റ്റി) നമ്പർ 2523/2021/ ആ.കു.വ ഉത്തരവും, കിനാലൂർ വില്ലേജിലെ 61.3424 ഹെക്ടർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, കൈവശാവകാശം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിക്കൊണ്ട് 29.08.2024-ലെ സ.ഉ.(കൈ)നം.155/2024/RD ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കോട്ടയം വെള്ളൂരിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ അധികമുള്ള ഭൂമിയിൽ എയിംസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കേരളത്തിന്റെ ആവശ്യം അടങ്ങിയ ഫയൽ ധനമന്ത്രാലയത്തിന് കൈമാറി എന്നതാണ് കേന്ദ്ര ആരോഗ്യ മന്ത്രിയിൽ നിന്നും സംസ്ഥാന ആരോഗ്യ മന്ത്രിയ്ക്ക് ലഭിച്ച അവസാന മറുപടി. മറ്റു ആശയ വിനിമയങ്ങളൊന്നും കേന്ദ്രം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ